**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 628**

**09.07.2014 – ലെ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർ വത്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.ലൂഡി ലൂയിസ്** | **ശ്രീ. കെ.എം.മാണി**<br>**ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം മാണ്; | ജനറൽ ഇൻഷ്വറൻസിന്റേയും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റേയും എല്ലാവിധ വ്യക്തിഗത കണക്കുകളും കൃത്യമായി സൂക്ഷിക്കുക, ഇതിന്റെ അടിസ്ഥാനത്തിൽ ലാഭനഷ്ട കണക്കുകൾ തയ്യാറാക്കുക, പോളിസി ഉടമകൾക്ക്/ ഇടപാടുകാർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുമ്പോൾ ഓരോ ഇടപാടുകാരനും അവരുടെ പോളിസി സംബന്ധമായ വിശദാംശങ്ങൾ ഇന്റർനെറ്റിലൂടെ |

| | |
|---|---|
| | ലഭിക്കുന്നതാണ്. കൂടാതെ ജീവനക്കാരന്/ പോളിസി ഉടമയ്ക്ക് PEN/KSID-ID ഉപയോഗിച്ച് എല്ലാ പോളിസികളും ഗ്രൂപ്പ് ചെയ്യുന്നതിനുള്ള സൗകര്യം, ഓരോ പോളിസിയിലുമുള്ള പ്രതിമാസ പ്രീമിയം പോസ്റ്റ് ചെയ്യുന്നതിനും പോളിസി ലെഡ്ജർ കാണുന്നതിനുമുള്ള സൗകര്യം, വകുപ്പിന്റെ ട്രഷറി ഇടപാടുകൾ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം, വകുപ്പിന്റെ സാമ്പത്തിക റിപ്പോർട്ടുകൾ അടക്കമുള്ള എല്ലാ റിപ്പോർട്ടുകളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യം, സ്പാർക്ക്, മോട്ടോർ വാഹന വകുപ്പുകളുടെ സോഫ്റ്റ് വെയറുമായി വെബ് ഇന്റർഫേസ് എന്നീ സൗകര്യങ്ങൾ മുഖ്യമായും ലഭിക്കുന്നു. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | കെൽട്രോൺ, ഐ.ടി മിഷൻ, സ്പാർക്ക്, K-SWAN, ഐ.സി.എ.ഐ, എന്നീ ഏജൻസികളും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റും കമ്പ്യൂട്ടർവത്ക്കരണവുമായി സഹകരിക്കുന്നുണ്ട്. |

Renadevi

**സെക്ഷൻ ഓഫീസർ**